"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജൈവവൈവിധ്യ ബോർഡ് ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (TSG) അംഗങ്ങൾക്ക് ഓണറേറിയം/സിറ്റിംഗ് ഫീ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1551/2025/LSGD തീയതി,തിരുവനന്തപുരം, 23-06-2025

---

പരാമർശം:- 24.04.2025 -ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പൊതുവിഷയങ്ങളിലെ തീരുമാനം നമ്പർ 3.3

**<u>ഉത്തരവ്</u>**

ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി ജൈവവൈവിധ്യ പരിപാലന സമിതി (BMC) അംഗങ്ങൾക്ക് സാങ്കേതിക സഹായം നൽകൽ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി പഠന റിപ്പോർട്ട് തയ്യാറാക്കൽ, ജൈവവൈവിധ്യ സംരക്ഷണ പദ്ധതി തയ്യാറാക്കൽ, പ്രാദേശിക ജൈവവൈവിധ്യ പദ്ധതി (LBSAP) തയ്യാറാക്കൽ, ജൈവവൈവിധ്യ രജിസ്റ്റർ അപ്ഡേഷൻ തുടങ്ങിയ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനത്തെ സഹായിക്കാൻ എല്ലാ ജില്ലകളിലും 10 വീതം വിദഗ്ധരെ ഉൾപ്പെടുത്തി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (TSG) രൂപീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുമ്പോൾ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് അംഗങ്ങൾക്ക് ഓണറേറിയം/സിറ്റിംഗ് ഫീ ഇനത്തിൽ 1000 രൂപ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ് എന്നും ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് അംഗങ്ങൾ ഫീൽഡ് സന്ദർശനം നടത്തുമ്പോൾ ഇതിന് പുറമെ യഥാർത്ഥ യാത്രാ ചെലവ് നൽകുകയോ വാഹന സൗകര്യം നൽകുകയോ ചെയ്യണം. എന്നാൽ ജൈവവൈവിധ്യ പരിപാലനവുമായി ബന്ധപ്പെട്ട പരാതികളിൽ തദ്ദേശഭരണസ്ഥാപനം തന്നെ എതിർകക്ഷിയോ പരാതിക്കാരനോ ആയി വരുന്ന അവസരങ്ങളിൽ മുകളിൽ പറഞ്ഞ രീതിയിൽ ഓണറേറിയം തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നു നൽകാവുന്നതല്ല എന്നും വികേന്ദ്രീകൃതസസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം പ്രകാരം തീരുമാനിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി BMC അംഗങ്ങൾക്ക് സാങ്കേതിക സഹായം നൽകൽ,

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി പഠന റിപ്പോർട്ട് തയ്യാറാക്കൽ, ജൈവവൈവിധ്യ സംരക്ഷണ പദ്ധതി തയ്യാറാക്കൽ, പ്രാദേശിക ജൈവവൈവിധ്യ പദ്ധതി (LBSAP) തയ്യാറാക്കൽ, ജൈവവൈവിധ്യ രജിസ്റ്റർ അപ്ഡേഷൻ തുടങ്ങിയ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനത്തെ സഹായിക്കാൻ രൂപീകരിച്ചിട്ടുള്ള ജൈവവൈവിധ്യ ബോർഡ്, ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (TSG) അംഗങ്ങൾക്ക് ഓണറേറിയം/സിറ്റിംഗ് ഫീ ഇനത്തിൽ 1000 രൂപ വീതം നൽകുന്നതിനും, ഫീൽഡ് സന്ദർശനം നടത്തുമ്പോൾ ഇതിന് പുറമെ യാത്രാ ചെലവ്/വാഹന സൗകര്യം നൽകുന്നതിനും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ടും, ജൈവവൈവിധ്യ പരിപാലനവുമായി ബന്ധപ്പെട്ട പരാതികളിൽ തദ്ദേശഭരണ സ്ഥാപനം തന്നെ എതിർകക്ഷിയോ പരാതിക്കാരനോ ആയി വരുന്ന അവസരങ്ങളിൽ മുകളിൽ പറഞ്ഞ രീതിയിൽ ഓണറേറിയം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നു നൽകേണ്ടതില്ലെന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
എല്ലാതദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 23-06-2025 11:40:41

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്